**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1051.** **30.01.2019 ൽ മറുപടിയ്ക്ക്**

**മദ്യം മൂലമുണ്ടാകുന്ന വിപത്തിനെക്കുറിച്ച് ബോധവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി.അനിൽകുമാർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യത്തിന്റെ വിപത്തിനെ കുറിച്ച് സർക്കാർ നടത്തുന്ന ബോധവൽക്കരണ പരിപാടികളിലൂടെ മദ്യത്തോടുള്ള ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; | (എ) | കരുതുന്നുണ്ട്. |
| (ബി) | എങ്കിൽ ഈ സർക്കാർ ഇത്തരം ബോധവൽക്കരണ പ്രവർത്തനത്തിലൂടെ നടത്തിയ ഇടപെടലുകൾ വ്യക്തമാക്കുമോ; | (ബി) | സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി തുടങ്ങിയവയുമായി ചേർന്നുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ, ആദിവാസി മേഖലകളിലെ യുവതീ യുവാക്കൾക്ക് ബോധവത്ക്കരണ ട്രെയിനിംഗ്, ജൂൺ 26 അന്താരാഷ്ട്ര മയക്ക മരുന്ന വിരുദ്ധ ദിനപരിപാടികൾ, ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ചുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയാണ് എക്സൈസ് വകുപ്പ് മുഖാന്തിരം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന കർമ്മ പദ്ധതികൾ. വിവിധ ജനവിഭാഗങ്ങളുടെ സഹകരണത്തോടെ ലഹരിവിരുദ്ധബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി സംസ്ഥാന ലഹരി വർജ്ജനമിഷൻ " വിമുക്തി" രൂപീകരിച്ചിട്ടുണ്ട്.<br>വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ, |

| | | | |
|---|---|---|---|
| | | | ലഹരിക്കടിമപ്പെട്ടവരുടെ ചികിത്സയ്ക്കും കൗൺസലിംഗിനുമായി 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ, ഉത്തര, മധ്യ, ദക്ഷിണ മേഖലകളിലായി കൗൺസലിംഗ് സെന്ററുകൾ എന്നിവയും ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ബോധവൽക്കരണത്തിലൂടെ മദ്യത്തോടുള്ള ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം ഉണ്ടായതായും മദ്യ ഉപഭോഗത്തിൽ കുറവ് വന്നതായും കണ്ടെത്തിയിട്ടുണ്ടോ; | (സി) | കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ മുപ്പത് മാസത്തിനകം സംസ്ഥാനത്ത് മദ്യവില്പനയിൽ ഉണ്ടായ കുറവ് എത്രയെന്ന് വിശദമാക്കുമോ? | (ഡി) | ജനുവരി 2014 മുതൽ ജൂൺ 2016 വരെയുള്ള 30 മാസങ്ങളിലെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന ജൂലൈ 2016 മുതൽ ഡിസംബർ 2018 വരെയുള്ള 30 മാസങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 11.99 ലക്ഷം കെയ്സിന്റെ കുറവ് കാണുന്നു (535.49–523.50). ഈ കാലയളവിൽ ബിയറിന്റെ വിൽപ്പനയിലും 18.38 ലക്ഷം കെയ്സിന്റെ കുറവാണ് കാണുന്നത് (326.27-307.89). |

സെക്ഷൻ ഓഫീസർ